തൊഴിലധിഷ്ഠിത കോഴ്സുകൾ ഏർപ്പെടുത്തുന്ന ഹൈസ്ക്കൂളുകൾ

183. (465) ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) അടുത്തവർഷം തൊഴിലധിഷ്ഠിത കോഴ്സുകൾ ഏർപ്പെടുത്തുന്ന ഹൈസ്ക്കൂളുകൾ ഏതെല്ലാമാണ് എന്ന് തീരുമാനമെടുത്തുവോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നടുവിൽ ജൂനിയർ ടെക്നിക്കൽ സ്ക്കൂൾ

184. [466] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽപ്പെട്ട നടുവിൽ കേന്ദ്രമാക്കി ഒരു ജെ. ടി. സ്ക്കൂൾ അനുവദിക്കണമെന്ന നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഭാവിയിൽ പുതിയ ജൂനിയർ ടെക്നിക്കൽ സ്ക്കൂളുകൾ തുടങ്ങുവാനുദ്ദേശിക്കുമ്പോൾ നടുവിൽ ഒരെണ്ണം തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന് നിവേദനത്തിനു മറുപടി നൽകിയിട്ടുണ്ട്.

കൊഴിഞ്ഞാംപാറ കല്യാണിചള്ള എൽ. പി. എസ്സിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

185. [467] ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ചിറ്റൂർ നിയോജക മണ്ഡലത്തിലെ കൊഴിഞ്ഞാംപാറ കല്യാണിചള്ള എൽ. പി. എസ്സിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളുണ്ട് :

(ബി) ഈ ഒഴിവു നികത്താനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഹരിജനങ്ങളെ തിങ്ങിപ്പാർക്കുന്ന ഈ സ്ഥലത്തെ സ്ക്കൂളിൽ അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു പ്രൈമറി അദ്ധ്യാപകന്റെ ഒഴിവുണ്ട്.

(ബി) പി. എസ്. സി. മുഖേന ഒരു അദ്ധ്യാപകനെ നിയമിച്ചിട്ടുണ്ട്.

(സി) ആവശ്യമായ നടപടി എടുത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

നൻമണ്ട ജ്ഞാനപ്രദായനി എൽ. പി. സ്ക്കൂളിന്റെ മാനേജ്മെൻറ് സംബന്ധിച്ച തർക്കം

186. [468] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കോഴിക്കോട് റവന്യൂ ജില്ലയിലെ വടകര വിദ്യാഭ്യാസ ജില്ലയിൽ, ബാലുശ്ശേരി ഉപവിദ്യാഭ്യാസ ജില്ലയിൽപ്പെട്ട നൻമണ്ട ജ്ഞാനപ്രദായിനി എൽ.പി. സ്ക്കൂളിന്റെ മാനേജ്മെൻറിനെ സംബന്ധിച്ചു നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly